**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3445** **11-03-2025 - ൽ മറുപടിയ്ക്ക്**

**വണ്ടിപ്പെരിയാർ പാലവും അമ്മച്ചി കൊട്ടാരവും സംരക്ഷിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | പീരുമേട് മണ്ഡലത്തിലെ നൂറ് വർഷത്തിലധികം പഴക്കമുള്ള വണ്ടിപ്പെരിയാർ പാലവും, കുട്ടിക്കാനത്ത് തിരുവിതാംകൂർ രാജഭരണകാലത്ത് ഉപയോഗിച്ചിരുന്ന അമ്മച്ചി കൊട്ടാരവും വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ വണ്ടിപ്പെരിയാർ പാലത്തിന് ഒരു നൂറ്റാണ്ടോളം പഴക്കമുണ്ടെങ്കിലും, നിലവിൽ നാഷണൽ ഹൈവേയുടെ ഭാഗമായുള്ളതും, തിരക്കേറിയ വാഹന സഞ്ചാരമുള്ളതുമായ പാലം എന്ന നിലയ്ക്ക് പ്രസ്തുത നിർമ്മിതിയെ പുരാവസ്തു വകുപ്പിന്റെ 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിത സ്മാരകമാക്കുന്നത് പ്രായോഗികമല്ല. ആയതിനാൽ, ഇടുക്കി ജില്ലയുടെ പ്രധാന പൈതൃക അടയാളങ്ങളിലൊന്നായ പ്രസ്തുത പാലത്തെ ഒരു പൈതൃക നിർമ്മിതിയായി പ്രഖ്യാപിച്ച് സംസ്ഥാന ആർട്ട് ആൻഡ് ഹെറിറ്റേജ് കമ്മീഷന്റെ പരിധിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ പുരാവസ്തു വകുപ്പ് നിർദേശിച്ചിട്ടുണ്ട്. കുട്ടിക്കാനത്തെ അമ്മച്ചിക്കൊട്ടാരം സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിലേക്കാവശ്യമായ റവന്യൂ വിവരങ്ങൾ ലഭ്യമാക്കിയതിൽ ടി വസ്തുവിന്റെ അതിരുകൾ വ്യക്തമല്ല എന്ന് അറിയിച്ചിരിക്കുന്നു. പീരുമേട് വില്ലേജിലെ റീസർവേ നടപടികൾ പൂർത്തിയായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടി വിവരം ചൂണ്ടിക്കാണിച്ചുകൊണ്ട് കൊട്ടാരം സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിലേക്ക് ആവശ്യമായ വ്യക്തമായ റവന്യൂ വിശദവിവരം ലഭ്യമാക്കുന്നതിലേക്ക് ജില്ലാ കളക്ടർക്ക് പുരാവസ്തു വകുപ്പ് കത്ത് നല്കിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ